പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5158 05.07.2012-ൽ മറുപടിയ്ക്ക്

## വൈദ്യുതി തകരാറുകൾ സംബന്ധിച്ച പരാതി

ചോദ്യം

ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :

വൈദ്യുതി തകരാറുകൾ സംബന്ധിച്ച പരാതി എസ്. എം. എസ് മുഖേന പരിഹരിച്ചില്ലെങ്കിൽ 155333 എന്ന ടോൾ ഫ്രീ നമ്പരിൽ വിളിക്കാൻ ഏർപ്പെടുത്തിയ സംവിധാനത്തിൽ ഇതേവരെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഇവയിൽ പരിഹരിച്ചവ എത്ര എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്

(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

വൈദ്യുതി തകരാറിനെ സംബന്ധിച്ചുള്ള പരാതികൾ എസ്. എം. എസ് മുഖേന പരിഹരിച്ചില്ലെങ്കിൽ 1800 425 8333 എന്ന ടോൾ ഫ്രീ നമ്പറിൽ ആണ് വിളിക്കേണ്ടത്. 155333 എന്ന ടോൾ ഫ്രീ നമ്പർ എസ്. എം. എസ് സംവിധാനം നടപ്പിലാക്കിയ 01-09-2011 മുതൽ കുറച്ചു ദിവസത്തേക്കു മാത്രമാണ് ഏർപ്പെടുത്തിയിരുന്നത്. എന്നാൽ കേരളത്തിലെ തെരഞ്ഞെടുത്ത നഗരങ്ങളിൽ 155333 എന്ന നമ്പറിലേക്കു വിളിച്ച് വൈദ്യുതി തകരാറുകളെക്കുറിച്ച് പരാതി രേഖപ്പെടുത്താനുള്ള സംവിധാനം നിലവിലുണ്ട്.

എസ്. എം. എസ് സംവിധാനം നടപ്പിലാക്കിയ 01-09-2011 മുതൽ 28-06-2012 വരെ 14061 പരാതികൾ ലഭിച്ചിട്ടുണ്ട്. അവയിൽ 14047 പരാതികൾ പരിഹരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.